പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **30.01.2018-ൽ മറുപടിക്ക്**

**ചോദ്യം നം. 1495**

## മത്സ്യതൊഴിലാളികളുടെ ക്ഷേമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.സി.ജോർജ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്തെ പാവപ്പെട്ട മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി ഏറ്റവും പരിഷ്കരിച്ച തരത്തിലുള്ള യന്ത്രോപകരണങ്ങൾ സർക്കാർ സബ്സിഡി വഴി ലോൺ ആയി നൽകി ഇവരെ സംരക്ഷിയ്ക്കാൻ അടിയന്തര നടപടി സ്വീകരിയ്ക്കുമോ; | (എ) | നിലവിൽ മത്സ്യബന്ധന ഉപകരണങ്ങൾക്ക് വായ്പ എടുക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എൻ.സി.ഡി.സി., ഐ.എഫ്.ഡി.പി പദ്ധതി പ്രകാരം സബ്സിഡി അനുവദിച്ച് നൽകി വരുന്നുണ്ട്. |
| (ബി) | 2018-19 ലെ ബജറ്റിൽ മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനായി എത്ര കോടി രൂപാ വകയിരുത്തുമെന്ന് വിശദമാക്കുമോ; | (ബി) | മുൻകൂട്ടി വിശദമാക്കാൻ സാധിക്കില്ല. |
| (സി) | തീരദേശമേഖലകളിലെ തകർന്ന കടൽ ഭിത്തികളും മറ്റും ആധുനിക നിലവാരത്തിൽ കുറ്റമറ്റതരത്തിൽ പുനർ നിർമ്മിയ്ക്കുവാനും ആശ്യമായ പുലിമുട്ടും മറ്റും നിർമ്മിയ്ക്കുവാനും നടപടി സ്വീകരിയ്ക്കുമോ; | (സി) | തീരദേശ മേഖലയിലെ കടൽഭിത്തികളുടെ നിർമ്മാണം മേജർ ഇറിഗേഷൻ വകുപ്പിലാണ് നിക്ഷിപ്തമായിട്ടുള്ളത്. പുലിമുട്ട് നിർമ്മാണം അഥവാ പുനരുദ്ധാരണം ആവശ്യമായ തോട്ടപ്പള്ളി, താനൂർ, വെള്ളയിൽ, കായംകുളം എന്നീ ഹാർബറുകളിലെ പുലിമുട്ടുകൾക്ക് കിഫ്ബി ധനസഹായത്തിനുള്ള പ്രൊപ്പോസൽ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരം നൽകുന്ന മുറയ്ക്ക് പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്. ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ പുലിമുട്ട് നിർമ്മാണത്തിന് നബാർഡ് RIDF ൽ XXIII ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവൃത്തി ഏർപ്പാടാക്കി വരുന്നു. ചെത്തി, മുനമ്പം, കാസർഗോഡ്, മഞ്ചേശ്വരം, തോട്ടപ്പള്ളി, കായംകുളം, അർത്തുങ്കൽ, താനൂർ, പരപ്പനങ്ങാടി, വെള്ളയിൽ എന്നീ ഹാർബറുകളിലെ പുലിമുട്ട് നിർമ്മാണം/ പുനരുദ്ധാരണം പ്രവൃത്തികൾക്ക് നബാർഡ് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യതൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ? | (ഡി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി, ശൗചാലയ നിർമ്മാണ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ |

| | | | |
|---|---|---|---|
| | | | മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യ പദ്ധതി, മത്സ്യത്തൊഴിലാളി കോളനി ഭവന നിർമ്മാണ/ പുനരുദ്ധാരണ പദ്ധതി, ജി.ആർ.എഫ്.റ്റി.എച്ച്.എസ്.മെസ്സ് അലവൻസ്, ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി, സൗജന്യ റേഷൻ, മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസന പദ്ധതി, പ്രകൃതിക്ഷോഭത്തിൽ വള്ളവും വലയും നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാരം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കടലിൽ മത്സ്യബന്ധനത്തിനായി പോകുന്നവരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനു വേണ്ടി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുമ്പോൾ രക്ഷപ്പെടുന്നതിന് സഹായകമായ ലൈഫ് ജാക്കറ്റ്, റേഡിയോ ബീക്കൺ എന്നിവ അടങ്ങിയ സുരക്ഷാ കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങളെ കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ ISRO വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിച്ചു വരുന്നു. 1500 കി. മീ. അകലെ വരെ ഈ ഉപകരണത്തിന്റെ സഹായത്താൽ സന്ദേശങ്ങൾ എത്തിക്കാൻ കഴിയും. കാലാവസ്ഥാ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത എന്നിവ മത്സ്യത്തൊഴിലാളികളിൽ നേരിട്ട് എത്തിക്കുന്നതിന് INCOIS-മായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് കരയിലെത്തിക്കുന്നതിന് സഹായകമായ മറൈൻ ആംബുലൻസ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മറൈൻ എൻഫോഴ്മെന്റിന്റെ നേതൃത്വത്തിൽ കടൽ രക്ഷാപ്രവർത്തനങ്ങളും കടൽ പട്രോളിംഗും നടത്തുന്നുണ്ട്. മത്സ്യബന്ധനത്തിന് പോകുന്ന സമയത്തും തിരിച്ച് കരയിലെത്തുന്ന സമയത്തും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം NIC-യുടെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. കടൽ തീരത്തോട് ചേർന്ന് 50 മീറ്റർ പരിധിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ 200 മീറ്ററിന് ഉള്ളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ